വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) എൽ.എസ്.എച്ച്.എസ്. (ലോ സൾഫർ ഹെവി സ്റ്റോക്ക്)

(ബി&സി) പരിസ്ഥിതി മലിനീകരണത്തിന്റെ തോത് സംസ്ഥാന മലിനീകരണ ബോർഡ് നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലാണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പ്രതിദിനം 45 ഘനമീറ്റർ വെള്ളം വേണ്ടിവരും. പദ്ധതി പ്രദേശത്ത് കുഴിച്ചിട്ടുള്ള കുഴൽ കിണറിൽ നിന്നാണ് പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നത്.

(ഇ) ഇതുമൂലം പ്രസ്തുത സ്ഥലത്ത് കുടിവെള്ളക്ഷാമമുണ്ടാകാൻ സാദ്ധ്യതയില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആദിവാസികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിന് നടപടികൾ

1 (824) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒൻപതാം പദ്ധതിയിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് ;

(ബി) ആദിവാസികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) താലൂക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസുകൾ നിറുത്തലാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ; ഇതിനു വേണ്ടി ഏർപ്പെടുത്തിയ ബദൽ സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആദിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒൻപതാം പദ്ധതിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് വച്ച് നൽകുന്നതിന് സുവർണ്ണജൂബിലി, മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭവന പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസം, തൊഴിൽ സാമൂഹ്യ സുരക്ഷാ മേഖലകളിൽ ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ പൊതു നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള ശ്രമത്തിൽ വ്യക്തമായ പുരോഗതി നേടിയിട്ടുണ്ട്.

(സി) താലൂക്ക് പട്ടികജാതി വികസന ഓഫീസുകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 9-5-2000-ലെ സർക്കാർ ഉത്തരവ് (പി) നം. 32/2000/പജ.പവ.വിവ. പ്രകാരം പട്ടികജാതി വികസനവകുപ്പിലെ 61 താലൂക്ക് പട്ടികജാതി വികസന ഓഫീസർമാരെ ഏറ്റവുമധികം പട്ടികജാതി ജനസംഖ്യ കൂടുതലുള്ള വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്1 എന്ന പേരിൽ പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 5000-ൽ അധികം പട്ടികജാതി ജനസംഖ്യയുള്ള എല്ലാ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും പട്ടികജാതി വികസന ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എസ്.സി. എസ്.ടി. കോർപ്പറേഷൻ നൽകി വരുന്ന സഹായക്ഷേമ പദ്ധതികൾ

2 (825) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി. എസ്.ടി. കോർപ്പറേഷൻ ഇപ്പോൾ നൽകിവരുന്ന സഹായക്ഷേമ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഈ സഹായം ലഭിക്കുന്നതിന് ഏതൊക്കെ വിഭാഗങ്ങളിൽപെട്ടവരെയാണ് തിരഞ്ഞെടുക്കുന്നത് ;

(സി) കൃഷിഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഭൂമി നൽകി ;

(ഡി) വാഹനങ്ങൾ നൽകുന്ന പദ്ധതി പ്രകാരം കോർപ്പറേഷൻ ഇതുവരെയായി എത്ര വാഹനങ്ങൾ വിതരണം ചെയ്തു ; ഏതൊക്കെ വാഹനങ്ങൾ ;

(ഇ) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി എന്താണ് ;

(എഫ്) ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി വിദ്യാർത്ഥികൾക്ക് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സഹായക്ഷേമ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly